# കെഎച്ച്എസ്ടിയു പ്രക്ഷോഭം നടത്തും

മലപ്പുറം ● 2011–12 അധ്യയന വർഷത്തിൽ ആരംഭിച്ച ഹയർ സെക്കൻഡറി അഡീഷനൽ ബാച്ചുകളിലെ അധ്യാപക തസ്തികകൾ വെട്ടിക്കുറച്ച നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭം നടത്താൻ കേരള ഹയർ സെക്കൻഡറി ടീച്ചേഴ്സ് യൂണിയൻ (കെഎച്ച്എസ്ടിയു) സംസ്ഥാന നേതൃയോഗം തീരുമാനിച്ചു. തസ്തിക സൃഷ്ടിച്ച സർക്കാർ ഉത്തരവിനു മുൻകാല പ്രാബല്യമില്ലാത്തതിനാൽ സർവീസിലുള്ള സീനിയറായി സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകർക്കു ജോലി ചെയ്ത കാലയളവിലെ ആനുകൂല്യം നഷ്ടപ്പെട്ടു. ഈ വിഷയത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണം. 23നു രാവിലെ 11നു കോഴിക്കോട് ശിക്ഷക് സദനിൽ മലബാർ മേഖലാ കൺവൻഷനും 25നു രാവിലെ 11നു തിരുവനന്തപുരം അധ്യാപക ഭവനിൽ തെക്കൻ മേഖലാ കൺവൻഷനും നടക്കും. എം.എം. ഷാഫി അധ്യക്ഷ്യം വഹിച്ചു. ടി.വി. ഇബ്രാഹിം, കെ.ടി. അബ്ദുൽ ലത്തീഫ്, ഒ. ഷൗക്കത്തലി, കെ. മുഹമ്മദ് ഇസ്മായിൽ, വിളക്കോട്ടൂർ മുഹമ്മദലി എന്നിവർ പ്രസംഗിച്ചു.